(ബി) എങ്കിൽ എന്തുകൊണ്ട്;

(സി) കൺസോളിഡേറ്റഡ് ഫണ്ടിന്റെ നിർവ്വചനത്തിൽ ഇത്തരം തുക ഉൾപ്പെടുമോ;

(ഡി) എന്തെങ്കിലും പ്രത്യേക ആവശ്യത്തിനുവേണ്ടി ഗവൺമെന്റിന് മുൻപറഞ്ഞ മാർഗ്ഗത്തിൽക്കൂടി ലഭിക്കുന്ന എന്തെല്ലാം തുകകൾ നിയമസഭയറിയാതെ ചെലവഴിക്കപ്പെടുന്നു? വിശദാംശം നൽകുമോ?

ഉത്തരം

(എ) എയ്ഡ്സ് രോഗവുമായി ബന്ധപ്പെട്ട് കേന്ദ്ര ധനകാര്യ മന്ത്രാലയംവഴി ലഭിക്കുന്ന എല്ലാത്തരം സഹായധനങ്ങളും ബഡ്ജറ്റിൽ ഉൾപ്പെടുത്താറുണ്ട്. എന്നാൽ യു. എൻ. ഒ.-യുടെ സ്പെഷ്യലൈസ്ഡ് ഏജൻസികൾ, വിദേശ ഗവൺമെന്റുകൾ, വിദേശ ഏജൻസി സ്ഥാപനങ്ങൾ എന്നിവ *നേരിട്ട് ഉപയോക്താക്കൾക്ക് നൽകുന്ന തുകകൾ ബഡ്ജറ്റിൽ ഉൾപ്പെടാറില്ല.*

(ബി) ഇത്തരം ധനസഹായം സംസ്ഥാന സർക്കാരിന്റെ അക്കൗണ്ട് വഴി നിർവ്വഹണ ഏജൻസികൾക്ക് നൽകപ്പെടാത്തവയായതിനാൽ ഈ തുകകൾ സംസ്ഥാന ബഡ്ജറ്റ് കണക്കിൽ ചേർക്കാറില്ല.

(സി) ഇല്ല.

(ഡി) സംസ്ഥാന ഗവൺമെന്റിന് ലഭിക്കുന്ന തുകകൾ ബഡ്ജറ്റ് പ്രക്രിയയിലൂടെ മാത്രമേ ചെലവഴിക്കപ്പെടുന്നുള്ളൂ.

കേന്ദ്രപദ്ധതിപ്രകാരം അനുവദിച്ച തുക ഉപയോഗിച്ച് തുടങ്ങിയ പദ്ധതികൾ

6 [3868] *ശ്രീ. വർക്കല കഹാർ:*
ശ്രീമതി രാധാരാഘവൻ:
ശ്രീ. കെ. ബാബു:
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രപദ്ധതിപ്രകാരം 2003-04-ലെ ബഡ്ജറ്റിൽ വകകൊള്ളിച്ച ഏതെല്ലാം പദ്ധതിക്കുള്ള തുക ചെലവാക്കാതെയുണ്ട്;

(ബി) പ്രസ്തുതയിനത്തിൽ എത്ര തുക ചെലവാക്കാതെയുണ്ട്;

(സി) ധനകാര്യ വകുപ്പ് തുകയനുവദിക്കാതിരുന്നതുകൊണ്ട് ഈയിനത്തിൽ ചെലവഴിക്കേണ്ടിയിരുന്ന തുക ചെലവഴിക്കാതെ വന്നിട്ടുണ്ടോ;

(ഡി) തുകയനുവദിക്കണമെന്ന് ധനമന്ത്രി ഉത്തരവിട്ടിട്ടും തുകയനുവദിക്കാതിരുന്നിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) കേന്ദ്രത്തിൽ നിന്ന് തിരിച്ചുകിട്ടുമായിരുന്ന കേന്ദ്രപദ്ധതി പ്രകാരമുള്ള പദ്ധതി ചെലവിനുള്ള തുക അനുവദിക്കാതിരുന്നതെന്തുകൊണ്ടാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) (തുക ലക്ഷത്തിൽ)

ക്രമനമ്പർ	ഇനംവിവരം	2003-2004-ൽ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി വകയിരുത്തിയ തുക	2003-2004-ൽ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി ചെലവാക്കിയ തുക
I	കൃഷി	11536.01	5494.30
II	ഗ്രാമവികസനം	548.00	382.45
III	സഹകരണം	2844.00	2140.33
IV	ജലസേചനവും വെള്ളപ്പൊക്ക നിയന്ത്രണവും	1087.00	747.40
V	വൈദ്യുതി	1000.00	182.51
VI	വ്യവസായവും ധാതുക്കളും	1877.50	1792.24
VII	ഗതാഗതവും വാർത്താവിനിമയവും	1010.00	25.00
VIII	ശാസ്ത്ര സർവ്വീസുകളും ഗവേഷണവും	20.00	23.43
IX	സാമൂഹ്യവും സാമൂഹ്യ സേവനപരവുമായ സർവ്വീസുകൾ	37254.55	28587.39
X	സാമ്പത്തിക സർവ്വീസുകൾ	2055.00	1196.56
XI	ജനറൽ സർവ്വീസുകൾ	1322.40	206.46
		60554.46	40778.07

LIBRARY ARCHIVES Kerala Legislative Assembly

(ബി) 19776.39 ലക്ഷം.

(സി) & (ഡി) ഇല്ല.

(ഇ) അനുവദിക്കാതിരുന്നിട്ടില്ല.

ക്ഷേമനിധി ബോർഡുകളിൽനിന്നും വായ്പ എടുത്ത തുക തിരികെ നൽകാൻ നടപടി

7 [3869] *ശ്രീ. എ. എ. അസീസ്*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001 വരെ കള്ള് ചെത്ത്, ചുമട്, മോട്ടോർ, കെട്ടിട നിർമ്മാണം എന്നീ ക്ഷേമനിധി ബോർഡുകളിൽ നിന്നായി 138 കോടി രൂപ സർക്കാർ വായ്പയെടുത്തിട്ടുള്ളതിൽ ഇതിനകം എത്ര രൂപ തിരിച്ച് അതാതു ബോർഡുകൾക്ക് നല്കിയിട്ടുണ്ട്;

(ബി) വീണ്ടും വായ്പയെടുത്തിട്ടുണ്ടോ;

(സി) എങ്കിൽ എത്ര തുക;

(ഡി) ഏതെല്ലാം ബോർഡുകളിൽ നിന്നെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ക്ഷേമനിധി ബോർഡുകളിൽ നിന്ന് സർക്കാർ വായ്പ എടുത്തിട്ടില്ല. ക്ഷേമനിധി ബോർഡുകൾക്ക് ട്രഷറിയിൽ നിക്ഷേപത്തിനുള്ള അവസരം നൽകിയിരുന്നു. ഇപ്രകാരം നിക്ഷേപിച്ചിരുന്ന മുഴുവൻ തുകയും പിൻവലിക്കാനും അനുവദിച്ചിരുന്നു.

(ബി) ഇല്ല.

(സി) & (ഡി) ഉദിക്കുന്നില്ല.

ഗുജറാത്ത് ഭൂകമ്പ ദുരിതാശ്വാസത്തിനായി പിരിച്ചെടുത്ത സംഖ്യ വിനിയോഗിക്കുന്നതിന് നടപടി

8 [3870] *ശ്രീ. കെ. പി. രാജേന്ദ്രൻ*:
,, *പി. എസ്. സുപാൽ*:
,, *ബിനോയ് വിശ്വം*:
,, *എൻ. രാജൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly